**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **02-02-2024 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് മെമ്പർമാരുടെ കാലയളവ് നിജപ്പെടുത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വഖഫ് ബോർഡിൽ മെമ്പർമാരായി പതിറ്റാണ്ടുകളായി തുടരുന്നവർ പ്രത്യേക അധികാര കേന്ദ്രമായി മാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വഖഫ് ബോർഡിൽ മെമ്പർമാരായി പതിറ്റാണ്ടുകളായി തുടരുന്നവർ പ്രത്യേക അധികാര കേന്ദ്രമായി മാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 07-01-2019-ാം തീയതിയിലെ സ.ഉ.(എംഎസ്) നം.8/2019/റവ നമ്പർ പ്രകാരം എസ്.ആർ.ഒ നമ്പർ 18/2019 ആയി വിജ്ഞാപനം ചെയ്ത കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ, 2019 ലെ ചട്ടം 58(7) ൽ ബോർഡിലെ ഒരു അംഗത്തിനും തുടർച്ചയായി രണ്ടിൽ കൂടുതൽ തവണ വീണ്ടും നാമനിർദ്ദേശം ചെയ്യുന്നതിനോ വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയില്ല ("No member of the Board shall be eligible for re-nomination or re-election for more than two terms consecutively") എന്ന വ്യവസ്ഥ കൂട്ടിച്ചേർക്കുകയുണ്ടായി. എന്നാൽ വഖഫ് ബോർഡ് മെമ്പർമാരായ ശ്രീ.എം.സി.മായിൻ ഹാജി, ശ്രീ.പി.വി.സൈനുദ്ദീൻ എന്നിവർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) 15786/2019-ാം നമ്പർ ഹർജിയിലെ 05-09-2019 തീയതിയിലെ വിധിന്യായം പ്രകാരം പ്രസ്തുത ചട്ടം ബഹു.കോടതി റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | സഹകരണ ബാങ്ക് ഭരണസമിതികളിൽ തുടർച്ചയായി മൂന്നിലധികം കാലയളവിൽ ഡയറക്ടർമാരായി തെരഞ്ഞെടുക്കപ്പെടുന്നത് നിയന്ത്രിച്ച് കൊണ്ട് നടത്തിയ നിയമ ഭേദഗതി മാതൃകയിൽ വഖഫ് ബോർഡുകളിലും തുടർച്ചയായി മെമ്പർമാരാവുന്ന കാലയളവ് നിജപ്പെടുത്തികൊണ്ട് നിയമ ഭേദഗതി കൊണ്ടുവരുന്ന വിഷയം പരിശോധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ